(ബി) 2010 മുതലുള്ള നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതുപ്രകാരം എത്ര കായികതാരങ്ങൾക്ക് ജോലി നൽകാനുണ്ട് ;

(സി) കായികതാരങ്ങൾക്കുള്ള ഒഴിവുകൾ യഥാസമയം കണക്കാക്കി ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 50 കായികതാരങ്ങൾക്കാണ് ഓരോ വർഷവും സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നത്.

(ബി) 2010 മുതലുള്ള സ്പോർട്സ് ക്വാട്ടാ നിയമനം ഓൺലൈൻ ആക്കുന്നതിന്റെ നടപടികൾ അവസാനഘട്ടത്തിലാണ്. 2010 മുതൽ ഓരോ വർഷവും 50 കായികതാരങ്ങൾക്കു വീതം ജോലി നൽകാനുണ്ട്.

(സി) സ്വീകരിച്ചുവരുന്നു. സർക്കാർ സർവ്വീസിൽ 2010 മുതൽക്ക് കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നതിലേക്കായി നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി ചേർന്ന് ഓൺലൈൻ ആക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. ഓരോ വർഷവും 50 വീതം കായികതാരങ്ങൾക്കാണ് നിയമനം നൽകുന്നത്. കായികതാരങ്ങളുടെ കായികമികവുകൾ മാനദണ്ഡാടിസ്ഥാനത്തിൽ കണക്കാക്കി അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലായിരിക്കും നിയമനം നൽകുന്നത്. സ്പോർട്സ് ക്വാട്ടാ നിയമനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ നടപടികൾ തുടർന്നുള്ള വർഷങ്ങളിലും പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഗ്രൗണ്ടിന്റെ ഗ്യാലറി നിർമ്മാണം

216 (4551) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ പഞ്ചായത്തിലെ നടക്കാവ് വലിയ കൊല്ലൽ മൈതാനിയിൽ നിർമ്മാണമാരംഭിച്ച ആർട്ടിഫിഷ്യൽ ഗ്രൗണ്ടിന്റെ സംരക്ഷണാർത്ഥം ഈ ഗ്രൗണ്ടിന് ചുറ്റും ഗാലറി നിർമ്മിക്കുന്നതിന് നേരത്തെ അനുവദിച്ച 4.60 കോടിയിൽനിന്നും തുക അനുവദിച്ച് പ്രവൃത്തിക്ക് അനുമതി നൽകുമോ ?

ഉത്തരം

സിന്തറ്റിക് ടർഫ് ഗ്രൗണ്ടിന്റെ നിലവിൽ നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായ ശേഷം അവശേഷിക്കുന്ന തുകയുടെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Page 1